ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

42. [1823] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി തൊഴിലാളി ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തയ്യൽ തൊഴിലാളി ക്ഷേമനിധി നിയമവും ബീഡി-സിഗാർ തൊഴിലാളിക്ഷേമനിധി നിയമവും നിയമസഭ പാസ്സാക്കിക്കഴിഞ്ഞു. കൂടാതെ, ഈറ-തഴ തൊഴിലാളികൾ, ബാർബർ തൊഴിലാളികൾ, അലക്ക് തൊഴിലാളികൾ, സ്വകാര്യ ആശുപത്രി ജീവനക്കാർ, സ്വകാര്യ ഐ ടി.സി. ജീവനക്കാർ, മൽസ്യവിതരണ/സംസ്ക്കരണ തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് ക്ഷേമനിധികൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) സംസ്ഥാനത്തെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി, കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് ക്ഷേമനിധി, ചുമട്ടുതൊഴിലാളി ക്ഷേമനിധി എന്നിവ നിലവിലുണ്ട്. ഈ പദ്ധതികൾ പ്രകാരം തൊഴിലാളികൾക്ക് പെൻഷൻ, മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്, വൈദ്യസഹായം, ഭവനനിർമ്മാണ ധനസഹായം, പണി ആയുധങ്ങൾ വാങ്ങുന്നതിന് വായ്പ എന്നിങ്ങനെയുള്ള വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു.

തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്ക് കെട്ടിട സമുച്ചയം

43. [1824] ശ്രീ. പി. രാഘവൻ :
,, ഒ. ഭരതൻ :
, സി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്കും കൂടി ഒരു കെട്ടിട സമുച്ചയം തലസ്ഥാന നഗരിയിൽ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന് ഏതെല്ലാം ക്ഷേമനിധി ബോർഡുകളാണ് അംഗീകാരം നൽകിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly